ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം- സാങ്കേതികം- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ലിജോ ബെന്നറ്റ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1071/2024 ഹർജിയുടെ 30/09/2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ്- ആയതിൻറെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ജി) വിഭാഗം**

**നം. DTETVM/8382/2024-EG3 (EG)** **തിരുവനന്തപുരം, തീയതി : 27-02-2025**

---

വായന :-

1. ശ്രീ ലിജോ ബെന്നറ്റ്, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1071/2024 ഹർജിയുടെ 30/09/2024 തീയതിയിലെ വിധിന്യായം.
2. 20-01-2025 തീയതിയിലെ L1/490/2024-HEDN നമ്പർ സർക്കാർ കത്ത്.
3. ഈ ഓഫീസിലെ 31.01.2025 തീയതിയിലെ DTETVM/8382/2024-EG3 (EG) നമ്പർ ഉത്തരവ്.
4. ഈ ഓഫീസിലെ ഉത്തരവ് നമ്പർ EG3/1996/16/DTE, തീയതി 14.12.2016.
5. ഈ ഓഫീസിലെ ഉത്തരവ് നമ്പർ EB3/ 16565/ 13 /DTE, തീയതി 13-01-2015.
6. 24.02.2025 തീയതിയിലെ DTETVM/10699/2024- EB2 (EB) നമ്പർ യു ഓ നോട്ട്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ലിജോ ബെന്നറ്റ്, ട്രേഡ്സ്മാൻ തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ നിയമനം നൽകുന്നതിന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1071/2024 ഹർജി ഫയൽ ചെയ്തു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ ലിജോ ബെന്നറ്റ് ഫയൽ ചെയ്ത OA 1071/2024 യുടെ 30/09/2024 തീയതിയിലെ വിധിന്യായം ചുവടെ ചേർക്കുന്നു.

**"Original Application is disposed of with a direction to the 3rd Respondent to consider and pass orders on Anne xure A9 representation, in accordance with law, within a period of two months from the date of receipt of a copy of receipt of a copy of this order."**

ടി വിധിന്യായം നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകയും, ടി വിഷയത്തിൽ സർക്കാരിൽ നിന്നും വായന 2 പ്രകാരം നിർദേശം ലഭിക്കുകയും ചെയ്തു.

മേൽ പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ വായന (1)-ലെ വിധിന്യായം അനുസരിച്ച് നടപ്പിലാക്കിയ 31-01-2025 തീയതിയിലെ DTETVM/8382/2024-EG3 (EG) നമ്പർ ഉത്തരവ് പ്രകാരം, ശ്രീ ലിജോ ബെന്നറ്റ്, ന് ലഭിച്ച ട്രേഡ്സ്മാൻ തസ്തികമാറ്റ നിയമനം EB3/16565/13/DTE, തീയതി 13-01-2015 മുതൽ മുൻകാല പ്രാബല്യത്തിൽ പുനഃക്രമീകരിച്ചു ഉത്തരവ് ആയിരിക്കുന്നു.

വായന 6 പ്രകാരം, ശ്രീ ലിജോ ബെന്നറ്റ്, നു ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് ട്രേഡ്സ്മാൻ തസ്തികയിലെ സീനിയോറിറ്റി പരിഷ്കരിച്ച് നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നു.

ആയത് പ്രകാരം, ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ വായന 4, ഉത്തരവ് നമ്പർ EG3/1996/16/DTE, തീയതി 14.12.2016 അന്തിമ സീനിയോറിറ്റി പട്ടികയിൽ, ഇലക്ട്രോണിക്സ് വിഭാഗത്തിൽ, ശ്രീ ലിജോ ബെന്നറ്റിൻറെ സ്ഥാനം ക്രമ നമ്പർ 9a ആയി ഉൾപ്പെടുത്തി ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവ് ആകുന്നു.

മേൽ പറഞ്ഞ ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ വായന 4, ഉത്തരവ് നമ്പർ EG3/1996/16/DTE, തീയതി 14.12.2016 അന്തിമ സീനിയോറിറ്റി പട്ടിക ഈ ഭേദഗതിയോടെ നില നിൽക്കുന്നതായിരിക്കും.

SHALIJ P R

DIRECTOR

പകർപ്പ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന ജീവനക്കാർക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന) മേലധികാരികൾക്ക്/ബന്ധപ്പെട്ട
2. സൂപ്രണ്ട്, ഇബി സെക്ഷൻ

Signed by Shalij P R
Date: 27-02-2025 15:47:39